"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.159/2026/LSGD    തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-
1. 06.03.2023 ലെ സ.ഉ.(സാധാ)564/2023 ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. 02.06.2023 ലെ സ.ഉ.(സാധാ)1153/2023 ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
3. 25.09.2023 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/57210/2023-DPLC4 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടെന്നും പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഭരണസമിതി തീരുമാന പ്രകാരം 19.04.2023 മുതൽ 30.05.2023 വരെയും തുടർന്ന് വേണ്ടത്ര മഴ ലഭിക്കാത്തതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം 07.06.2023 മുതൽ 10.06.2023 വരെയും കുടിവെള്ള വിതരണം നടത്തിയതിന് 13,59,120/- രൂപ ചെലവാകുകയും ചെയ്തു. പ്രസ്തുത തുകയിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 12 ലക്ഷം രൂപ കരാറുകാരനു നൽകുകയും ചെയ്തിട്ടുണ്ട് ബാക്കി നൽകേണ്ട തുകയായ 1,59,120/- രൂപ കരാറുകാരന് അനുവദിക്കുന്നതിനുള്ള അനുമതിക്കായി ഭരണസമിതി തീരുമാനം, വാഹനത്തിന്റെ ജി.പി.എസ്. രേഖകൾ എന്നിവ ഉൾപ്പെടെ മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ കത്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും, മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പരാമർശിത ഉത്തരവിൽ നിർദ്ദേശിച്ചതിൽ അധികമായി ചെലവായ 1,59,120/- രൂപ കരാറുകാരന് അനുവദിക്കുന്നതിനുള്ള സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ അനുബന്ധ രേഖകൾ എന്നിവ സഹിതം പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ 19.04.2023 മുതൽ 30.05.2023 വരെയും 07.06.2023 മുതൽ 10.06.2023 വരെയും കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 1,59,120/- (ഒരു ലക്ഷത്തി അമ്പത്തിഒൻപതിനായിരത്തി നൂറ്റിഇരുപതു രൂപ മാത്രം) രൂപ, ചിലവ് ആധികാരികത എടയൂർ ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് എടയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്: -

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, എടയൂർ ഗ്രാമ പഞ്ചായത്ത് , മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1/ആഡിറ്റ്2)കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 20-01-2026 10:44:47
സെക്ഷൻ ഓഫീസർ